ശ്രീ. എൻ. എം. ജോസഫ്: ഇതുസംബന്ധമായ പഠനം കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നതേയുള്ളു. ചില വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പഠനത്തിനു വേണ്ട നിർദ്ദേശം നൽകിയിട്ടുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : അക്കേഷ്യയും യൂക്കാലിപ്റ്റസും നട്ടുപിടിപ്പിച്ചിരിക്കുന്ന പ്രദേശങ്ങളിൽ അതുവെട്ടിമാറ്റി അവിടെ കശുമാവ് വച്ചുപിടിപ്പിച്ച് തോട്ടണ്ടി ഉൽപ്പാദിപ്പിക്കാനുള്ള നടപടി കാര്യക്ഷമമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ. അങ്ങനെയെങ്കിൽ ഭരതന്നൂർ മുതൽ പെരിങ്ങമ്മല വരെയുള്ള റോഡിന്റെ രണ്ട് ഭാഗവും ഒഴിഞ്ഞു കിടക്കുകയാണ്. അത് അവിടെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് : ആ പ്രദേശത്തെക്കുറിച്ച് പഠിക്കാതെ ഉത്തരം നൽകാൻ സാദ്ധ്യമല്ല. പക്ഷേ ഇന്ന് അക്കേഷ്യ സോഷ്യൽ ഫോറസ്ട്രിയിൽ നിന്ന് വിതരണം ചെയ്യുന്നേയില്ല. പകരം കശുമാവ്, മാവ്, പ്ലാവ് മുതലായ നാടൻ മരങ്ങൾ വിതരണം ചെയ്യുകയും റോഡിന്റെ സൈഡിൽ പുതുതായി വച്ചുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. കെ. തോമസ് : വെള്ളൂർ ന്യൂസ്പ്രിന്റ് പ്രോജക്ടിന് റാ-മെറ്റീരിയൽസ് കൊടുക്കുന്ന പീരുമേട് ഗ്രാസ് ലാന്റ് പ്ലാന്റിംഗ് നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് : സർ, അതിന് ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ല.

വന്യ ജീവികളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ

* 6. [203] ശ്രീ. സുന്ദരം മാണിക്യം :
,, പി. സി. തോമസ് :
,, സി. ടി. കൃഷ്ണൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വന്യജീവികളുടെ സംരക്ഷണത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ് ;

(ബി) കേരളത്തിൽ ഇപ്പോഴുള്ള വന്യജീവി സംരക്ഷണകേന്ദ്രങ്ങളും പക്ഷിസങ്കേതങ്ങളും ഏതെല്ലാമാണെന്നും പ്രധാന വന്യജീവികൾ ഏതെല്ലാം വനപ്രദേശങ്ങളിൽ എത്ര വീതമുണ്ടെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. എൻ. എം. ജോസഫ്) :

(എ) ഉണ്ട്. വന്യജീവി സംരക്ഷണത്തിനുവേണ്ടി 1985 മാർച്ച് മാസം മുതൽ ഒരു പ്രത്യേക ചീഫ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഒരു വന്യജീവി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തിലെ റിസർവ്വ് വനങ്ങൾക്കുള്ളിൽ പന്ത്രണ്ട് വന്യജീവി സങ്കേതങ്ങളും രണ്ട് ദേശീയോദ്യാനങ്ങളും വേർതിരിച്ച് സംരക്ഷിച്ചുവരുന്നു. വന്യജീവി സങ്കേതങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

ആവാസ വ്യവസ്ഥ Habitat മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. തേക്കടി വന്യജീവി സങ്കേതത്തെ കേന്ദ്രസർക്കാർ "ടൈഗർ പ്രോജക്ടിൽ" ഉൾപ്പെടുത്തുകയുണ്ടായി, അനധികൃത വേട്ടയാടലുകൾ നിയന്ത്രിക്കുന്നതിന് വന്യജീവി വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർക്ക് വാഹനങ്ങളും ആയുധങ്ങളും നൽകുകയും, വയർലസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വന്യജീവികൾക്ക് സുലഭമായി വെള്ളവും, തീറ്റയും ലഭിക്കുന്നതിനായി വനത്തിനുള്ളിൽ പ്രത്യേക ഏർപ്പാടുകളുണ്ടാക്കുകയും ചെയ്തിരിക്കുന്നു.

(ബി) സ്റ്റേറ്റ്മെൻറ് മേശപ്പുറത്ത് വച്ചിട്ടുണ്ട്†.

ശ്രീ. സുന്ദരം മാണിക്യം : കേരളത്തിലെവന്യജീവികളെ സംരക്ഷിക്കുന്നതിന് ചില നടപടികളെടുത്തിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്നിൽ ഇപ്പോഴും വന്യജീവി കേന്ദ്രങ്ങളിലെ വന്യമൃഗങ്ങളെ വേട്ടയാടപ്പെടുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എൻ. എം. ജോസഫ് : ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽ പെടുന്നുണ്ട്. അതിൻമേൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

ശ്രീ. സുന്ദരം മാണിക്യം : തേക്കടി, ഇടുക്കി ജില്ലയിലെ ചിന്നാർ എന്നീ പ്രദേശങ്ങൾ വന്യജീവികേന്ദ്രങ്ങളാണ്. ഈ രണ്ട് സ്ഥലങ്ങളിലും വന്യജീവികളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് : സാമാന്യേന വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ വന്യജീവികളെ സംരക്ഷിക്കുന്നതിനും വനസംരക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്തെല്ലാം നടപടികൾ എന്നുള്ളതിനെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആവശ്യമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : പറമ്പിക്കുളം ഒരു വന്യമൃഗസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവിടെ വന്യമൃഗങ്ങളെ സംരക്ഷിക്കാനാവശ്യമായ പുതിയ വല്ല സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. എം. ജോസഫ് : പറമ്പിക്കുളം വളരെ നന്നായി സംരക്ഷിക്കപ്പെടുന്ന ഒരു വന്യജീവി സങ്കേതമാണ്. ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : സൈലൻറുവാലി ഒരു നിത്യ ഹരിത വനമാണ്. അവിടെ ഇപ്പോൾ വന്യമൃഗങ്ങളെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. എം ജോസഫ് : സൈലൻറുവാലി നാഷണൽ പാർക്ക് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : നമ്മുടെ പുതുതായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഫോറസ്റ്റ് സ്റ്റേഷൻ വന്യമൃഗസംരക്ഷണത്തിനു വേണ്ടി ഉപയോഗപ്പെടുത്തുമോ ; ഇല്ലെങ്കിൽ ഇതിന് പ്രത്യേകമായി തേക്കടി, ചിന്നാർ തുടങ്ങിയ പ്രദേശങ്ങളിൽ സ്റ്റേഷൻ ഉണ്ടാക്കാൻ കഴിയുമോ ?

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എം. ജോസഫ് : മലപ്പുറം, പത്തനംതിട്ട ജില്ലകളിലാണ് പൂർണ്ണമായും ഇന്ന് ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിൽ വന്നിട്ടുള്ളത്. ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ കൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ നടപ്പാക്കുന്നതിന് വേണ്ട നടപടികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : വന്യമൃഗസംരക്ഷണത്തെ പോലെതന്നെ, ഈ വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങി നാട്ടുകാരുടെ കൃഷിയൊട്ടാകെ നശിപ്പിക്കുന്ന നടപടിയുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും നടപടിയെടുക്കാൻ കഴിയുമോ ?

ശ്രീ. എൻ. എം. ജോസഫ് : കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. വയനാട് ജില്ലയിൽ പ്രത്യേകിച്ചും വന്യമൃഗങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കുന്നതിനുവേണ്ടി കമ്പിവേലികൾ കെട്ടുന്നുണ്ട്. കൊല്ലം ജില്ലയിൽ റോസ്മല ഭാഗത്ത് അതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലോട് ഭാഗത്തും ചില പ്രശ്നങ്ങൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ : പറമ്പിക്കുളം വന്യജീവി സംരക്ഷണ കേന്ദ്രത്തോട് അനുബന്ധിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനം ഇപ്പോൾ ഏത് സ്റ്റേജിൽ എത്തി ; അതിന്റെ പണി വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. എം. ജോസഫ് ; അത് നോട്ടീസ് വേണം.

(ii) അടിയന്തിര ചോദ്യവും ഉത്തരവും

തൊടുപുഴയാറിന് കുറുകെ പാലം പണിയുന്നതിന് നടപടി

* 7. [2] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ടൗണിലെ തിരക്ക് ഒഴിവാക്കുവാൻ തൊടുപുഴ ആറിന് കുറുകെ പാലം പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എത്ര പുരോഗതി ഉണ്ടായിട്ടുണ്ട് ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) :

(എ ആൻറ് ബി) തൊടുപുഴ ആറിനു കുറുകെ മാരിയിൽകടവിൽ പാലം പണിയുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് ഗവൺമെൻറ് 17-1-1991-ന് ഉത്തരവായിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ് : ഇതിന്റെ അനുമതി കൊടുത്തു കഴിഞ്ഞിട്ടുണ്ടോ ? ഇതിന് എത്ര തുക ചെലവാകും ?

ശ്രീ. ടി. കെ. ഹംസ : 90 സ്പാൻ നീളമുണ്ട് അപ്രോച്ച് റോഡ് ഉൾപ്പെടെ. 55 ലക്ഷം രൂപ ചെലവ് വരുന്നതാണ് ഈ പ്രവർത്തി. ധനകാര്യ വകുപ്പിന്റെ അംഗീകാരം കിട്ടിയ സ്ഥിതിക്ക് ഉടനടി പ്രവർത്തനം ആരംഭിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ് : എന്നത്തേക്ക് അതിന്റെ പണികൾ തുടങ്ങുമെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 6 (203) കാണുക]

വന്യജീവി സങ്കേതങ്ങളും പക്ഷി സങ്കേതവും

1. ഇരവികുളം ദേശീയ ഉദ്യാനം
2. സൈലൻറ്വാലി ദേശീയ ഉദ്യാനം
3. പെരിയാർ വന്യജീവി സങ്കേതം
4. വയനാട് വന്യജീവി സങ്കേതം
5. പറംപിക്കുളം വന്യജീവി സങ്കേതം
6. നെയ്യാർ വന്യജീവി സങ്കേതം
7. പീച്ചി-വാഴാനി വന്യജീവി സങ്കേതം
8. ചെന്തുരുണി വന്യജീവി സങ്കേതം
9. ചിന്നാർ വന്യജീവി സങ്കേതം
10. ഇടുക്കി വന്യജീവി സങ്കേതം
11. ആറളം വന്യജീവി സങ്കേതം
12. പേപ്പാറ വന്യജീവി സങ്കേതം
13. തട്ടേക്കാട് പക്ഷികേന്ദ്രം
14. ചിമ്മിനി വന്യജീവി സങ്കേതം

പ്രധാനപ്പെട്ട വന്യമൃഗങ്ങളുടെ കണക്ക്

1.	ആന	—	3645
2.	കാട്ടുപോത്ത്	—	1288
3.	മ്ലാവ്	—	1917
4.	പുള്ളിമാൻ	—	1466
5.	കേഴമാൻ	—	1198
6.	കൂരമാൻ	—	597
7.	കാട്ടുപന്നി	—	7278
8.	മുള്ളൻ പന്നി	—	624
9.	കരടി	—	121
10.	മലബാർ അണ്ണാൻ	—	1217
11.	കരിംകുരങ്ങ്	—	2395
12.	സിംഹവാലൻ കുരങ്ങ്	—	594
13.	പുള്ളിപ്പുലി	—	26
14.	കാട്ടുപട്ടി	—	709
15.	വേഴാമ്പൽ	—	342
16.	മയിൽ	—	800

ഇതുകൂടാതെ കേരളത്തിലെ കാടുകളിൽ 134 കടുവകളും 800-ഓളം വരയാടുകളും ഉള്ളതായും കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly